## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 216** **06-11-2019-ൽ മറുപടിയ്ക്ക്**

## കോഴി വളർത്തൽ പ്രോത്സാഹനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.രാജൻ**<br>**ശ്രീ.ആർ.രാമചന്ദ്രൻ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീമതി.സി.കെ. ആശ** | | **അഡ്വ.കെ.രാജു**<br>**(വനം, മൃഗസംരക്ഷണം,ക്ഷീരവികസനം, മൃഗശാല വകുപ്പ മന്ത്രി)** |
| എ) | കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | എ) | കേരളത്തിൽ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു<br><br>1) കൂടുകളിൽ കോഴി വളർത്തൽ പദ്ധതി (നഗര പ്രദേശങ്ങളിൽ)<br><br>2) സ്കൂൾ പൗൾട്രി ക്ലബ്<br><br>മൃഗ സംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കോഴി വളർത്തൽ കേന്ദ്രങ്ങളിൽ നിന്നും ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ 280 എഗ്ഗർ നഴ്സറികൾക്ക് നൽകുകയും 2 മാസം പ്രായമാകുമ്പോൾ കോഴികളെ വകുപ്പ്തല പദ്ധതികൾക്കായും പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന അടുക്കള മുറ്റത്തെ കോഴിവളർത്തൽ പദ്ധതികൾക്കായും, ആവശ്യമുള്ള കർഷകർക്ക് മൃഗാശുപത്രികൾ വഴിയും വിതരണം ചെയ്തു വരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ മൃഗ സംരക്ഷണ വകുപ്പിന്റെ കീഴിലുള്ള 9 ഫാമുകളിൽനിന്നും 5388232 മുട്ടയും 3584013 കോഴിക്കുഞ്ഞുങ്ങളെയും ഉല്പാദിപ്പിച്ചിട്ടുണ്ട്. കുരിയോട്ടുമല , ആയൂർ തോട്ടത്തറ ഹാച്ചറികളിൽ നിന്നും 250558 കോഴിക്കുഞ്ഞുങ്ങളെയും ഉല്പാദിപ്പിച്ചിട്ടുണ്ട്. |

താറാവ് ഫാമിൽ നിന്നും 389265 മുട്ടയും 123311 താറാക്കുഞ്ഞുങ്ങളെയും ഉൽപാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. ടർക്കി ഫാമിൽ നിന്നും 25828 മുട്ടയും 11089 ടർക്കി കുഞ്ഞുങ്ങളെയും ഉൽപാദിപ്പിച്ചിട്ടുണ്ട്. കാട ഫാമിൽ നിന്നും 157818 മുട്ടയും 83762 കാടക്കുഞ്ഞുങ്ങളെയും ഉൽപാദിപ്പിച്ചിട്ടുണ്ട് കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ ആയൂർ തോട്ടത്തറ ഹാച്ചറിയിൽ ബ്രോയിലർ ബ്രീഡിംഗ് ഫാം തുടങ്ങുന്നതിനുള്ള നടപടി താമസം വിനാ സ്വീകരിക്കുന്നതാണ്. ഇതിന് പുറമേ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ചെറ്റച്ചൽ ജഴ്സിഫാമിൽ ഹാച്ചറിയുടെ നിർമ്മാണം പൂർത്തിയായി.ഓരോ ആഴ്ചയിലും 40,000 ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്യാൻ സാധിക്കും. കാസർഗോഡ് ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹാച്ചറി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലപ്പുറം ജില്ലയിൽ എടവണ്ണയിൽ ഒരു ഹാച്ചറിയുടെ നിർമ്മാണം പൂർത്തിയായി വരുന്നു. തൃശ്ശൂർ ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ ഒരു ഹാച്ചറി പ്രവർത്തിച്ചു വരുന്നു.

**കെപ്കോ**

സംസ്ഥാനത്ത് മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കെപ്കോ ആശ്രയ പദ്ധതി
2. കെപ്കോ വനിതാമിത്രം
3. കോഴിഗ്രാമം പദ്ധതി
4. കെപ്കോ നഗരപ്രിയ പദ്ധതി
5. "കുഞ്ഞ്കൈകളിൽ കോഴിക്കുഞ്ഞ്" പദ്ധതി

കെപ്കോയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്ന് പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനനകേന്ദ്രം നവീകരിക്കുകയും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പ്രതിമാസം ഒന്നേകാൽ ലക്ഷത്തോളം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഈ കേന്ദ്രത്തിൽ ഉത്പാദിപ്പിച്ച് ഇറച്ചിക്കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് വിതരണം ചെയ്ത് വരുന്നു. കുടുംബശ്രീ യൂണിറ്റുകൾക്ക് ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്ത് വളർത്തിയെടുത്ത് 40-45 ദിവസം അല്ലെങ്കിൽ രണ്ട് കിലോ ഭാരമുണ്ടാകുമ്പോൾ കെപ്കോ തന്നെ വിലകൊടുത്ത് തിരിച്ചെടുത്ത് സ്വന്തം പ്ലാന്റിൽ സംസ്കരിച്ച് ഗുണമേന്മയുള്ള ഇറച്ചിയാക്കി മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ഇതിനുപുറമേ കോൺട്രാക്ട് ഫാമിംഗ് രീതിയും നടപ്പാക്കി വരുന്നു. കൂടുതൽ കർഷകർ ഇറച്ചിക്കോഴി വളർത്തൽ രംഗത്തേയ്ക്ക് കടന്നു വരുന്നതനുസരിച്ച് അവർക്കാവശ്യമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങൾ നൽകുന്നതിന് കൂടുതൽ പാരന്റ് സ്റ്റോക്കിനെ വാങ്ങി വളർത്തുന്നതിന് പുതിയ പൗൾട്രി ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**കുടുംബശ്രീ**

ഇറച്ചി കോഴി വളർത്തൽ പദ്ധതിയിലൂടെ കർഷകർക്ക് മികച്ച വരുമാനം ലഭ്യമാക്കുന്നതിന് കേരള ചിക്കൻ പദ്ധതി ആരംഭിച്ചു. മൃഗസംരക്ഷണ വകുപ്പ്, കെപ്കോ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, ബ്രഹ്മഗിരി എന്നിവരുമായി സഹകരിച്ചു കൊണ്ടാണ് കേരള ചിക്കൻ പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി 800 ബ്രോയിലർ ഫാമുകൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു. പുതിയ ബ്രോയിലർ ഫാമുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകൾ വിപുലീകരിക്കുന്നതിനും കർഷകർക്ക് കുടുംബശ്രീ സാമ്പത്തിക സഹായം നൽകി വരുന്നു. കുടുംബശ്രീ ഉത്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനു വേണ്ടി കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ ഒരു പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ചു തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

| | | | |
|---|---|---|---|
| | | | ഇതിന്റെ ഭാഗമായി കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ പാരന്റ് പക്ഷികൾ (ബ്രീഡർസ്റ്റോക്ക്), മുതൽ ഹാച്ചറികൾ, മാംസസംസ്കരണത്തിനുള്ള റെൻഡറിങ്ങ് പ്ലാന്റുകൾ, കോഴിയിറച്ചി ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടെ സമ്പൂർണ്ണമായ ഉൽപ്പാദന വിപണന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഈ അവസരത്തിൽ കുടുംബശ്രീ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ ആദ്യമായി ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനും സാധിച്ചിട്ടുണ്ട്. നിലവിൽ 2,41,050 എണ്ണം കോഴികൾക്ക് പ്രസ്തുത പദ്ധതി പ്രകാരം ഇൻഷുറൻസ് നൽകിയിട്ടുണ്ട്. |
| ബി) | കോഴിയുടെ ഭക്ഷണയോഗ്യമല്ലാത്ത ഭാഗങ്ങൾ ഉപയോഗിച്ച് ഉപോല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; | ബി) | ഉണ്ട്,<br>ബ്രഹ്മഗിരി ഉപോല്പന്നങ്ങൾ നിർമ്മിക്കുന്നുണ്ട്. കുടുംബശ്രീയിൽ ഉപോല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിനും ഈ പദ്ധതി പ്രാവർത്തികമാക്കാൻ ഉദ്ദേശമുണ്ട്. |
| സി | എന്തൊക്കെ ഉപോല്പന്നങ്ങളാണ് ഉണ്ടാക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ; | സി) | ബ്ലഡ് മീൽ, ബോൺ മീൽ,ബയോ ഡീസൽ, വളം, ഫെതർ മീൽ, മീറ്റ് കം മീൽ, ഫിഷ് മീൽ, പെറ്റ് ഫുഡ് മുതലായവയാണ് ഉപോല്പന്നങ്ങൾ |
| ഡി | ഇത്തരത്തിൽ ഉപോല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥാപനങ്ങൾ കേരളത്തിൽ നിലവിലുണ്ടോ; വ്യക്തമാക്കുമോ? | ഡി | ഉണ്ട്.<br>ബ്രഹ്മഗിരി ഫെതർ മീൽ നിർമ്മിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ